(എ) കൊല്ലം നഗരം ഒരു മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്തിയിട്ടെത്ര കാലമായി;

(ബി) നഗരവാസികൾക്ക് മുഴുവൻപേർക്കും സൗജന്യ ഇൻഷ്വറൻസ്, രാമൻ കുളങ്ങരയിൽ ലോ കോളേജ് സ്ഥാപിക്കൽ, ടൗൺഹാളിനുമുന്നിൽ സി. കേശവന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കൽ, ചിന്നക്കടയിൽ ഓപ്പൺ എയർ തീയേറ്റർ, ഭൂഗർഭ പാത, യാത്രീനിവാസ് നിർമ്മാണം എന്നിവ പ്രസ്തുത കോർപ്പറേഷന്റെ ഏതെല്ലാം വർഷത്തെ ബഡ്ജറ്റുകളിൽ ചേർക്കുകയും വീണ്ടും പുതുക്കി ചേർക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പണിയിപ്പോൾ ഏതു ഘട്ടത്തിൽ നിൽക്കുന്നു?

ഉത്തരം

(എ) 1-10-2000-ൽ ആണ് കൊല്ലം മുനിസിപ്പാലിറ്റി ഒരു മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്തിയത്.

(ബി) സി. കേശവൻ പ്രതിമാനിർമ്മാണവും, രാമൻകുളങ്ങരയിൽ ലോ കോളേജ് നിർമ്മാണവും 2001-2002 മുതൽ നാളിതുവരെയുള്ള എല്ലാ ബഡ്ജറ്റുകളിലും വകയിരുത്തിയിട്ടുണ്ട്. ഓപ്പൺ എയർ തീയേറ്റർ 2003-2004 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൗജന്യ ഇൻഷ്വറൻസും, ഓപ്പൺ എയർ തീയേറ്റർ നിർമ്മാണവും 2002-2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഭൂഗർഭപാത 2001-2002-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) ടൗൺ ഹാളിനുമുന്നിൽ സി. കേശവന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്ന പ്രോജക്ടിന് ടെന്റർ ക്ഷണിച്ചു. 6 ലക്ഷം രൂപ തനതു ഫണ്ടിൽ ഉൾപ്പെടുത്തി ഈ പണി ചെയ്യിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. മറ്റു പ്രവർത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്ത് സെക്രട്ടറിയുടെ ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ നടപടി

108 [3805] *ശ്രീ. വർക്കല കഹാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത് സെക്രട്ടറി ലിസ്റ്റിൽ നിന്നും 3:2 അനുപാതം പാലിച്ചാണോ നേരിട്ടുള്ള നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് തിരഞ്ഞെടുപ്പിനു മുൻപ് മുഴുവൻ സെക്രട്ടറി തസ്തികകളിലും നിയമനം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി. എസ്. സി. ലിസ്റ്റ് നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര പേർക്ക് സെക്രട്ടറി തസ്തികയിലേക്ക് പ്രമോഷൻ നൽകി നിയമിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6:4 അനുപാതം (അതായത് 6 എണ്ണം പ്രമോഷൻ വഴിയും 4 എണ്ണം നേരിട്ടും) പാലിച്ചാണ് നേരിട്ടുള്ള നിയമനം നടത്തിയിട്ടുള്ളത്.

(ബി) നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രമോഷൻ, സീനിയോറിറ്റി തർക്കംമൂലം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) 119 പേരെ പ്രമോട്ട് ചെയ്ത് നിയമിച്ചിട്ടുണ്ട്.

ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

109 [3806] *ശ്രീ. എ. കെ. ബാലൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്ടറേറ്റിലും ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ആശ്രിത നിയമനത്തിന് വേണ്ടിയുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നത്;

(ബി) അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പാലക്കാട് ജില്ലയിൽ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ പ്യൂൺ തസ്തികയിൽ ജോലിയിലിരിക്കെ മരണപ്പെട്ട ശ്രീ. സി. കെ. ചെല്ലൻ മകൻ ജയേഷ് ആശ്രിത നിയമനപ്രകാരം ജോലി ലഭിക്കുന്നതിന് 12-11-2001-ൽ അപേക്ഷ നൽകിയിട്ടും നാളിതുവരെ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ കാലതാമസം നേരിടാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ശ്രീ. ജയേഷിന് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്യുന്നതിന് വേണ്ടി നൽകിയ അപേക്ഷ ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് അറിയിക്കാമോ;

(എഫ്) ടിയാന് എന്നത്തേയ്ക്ക് ജോലി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടറേറ്റിൽ 31 അപേക്ഷകളും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഞ്ചായത്ത് വകുപ്പിൽ 23 അപേക്ഷകളുമാണ് നടപടിയിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly